LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത നിയന്ത്രണത്തിനുള്ള ക്യാമറകളുടെയും സിഗ്നൽ സംവിധാനത്തിന്റെയും പോരായ്മകൾ

179 (3812) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന ഗതാഗതം നിയന്ത്രിക്കാൻ ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെയും സിഗ്നൽ സംവിധാനത്തിന്റെയും പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വശത്തേയ്ക്കും വാഹനം കടത്തിവിടുന്ന സമയം സിഗ്നൽ പോസ്റ്റിലെ ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കാത്തതുമൂലം വാഹനങ്ങൾ ഓഫാക്കി നിർത്താൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(സി) ഇതുമൂലമുണ്ടാകുന്ന ഇന്ധന നഷ്ടം, ശബ്ദശല്യം, വായുമലിനീകരണ പ്രശ്നം എന്നിവ പരിഹരിക്കാൻ എല്ലാ സിഗ്നൽ പോസ്റ്റുകളിലും സമയ കൗണ്ട് ഡൗൺ സംവിധാനം കൂടി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രധാനപ്പെട്ട തിരക്കേറിയ ജംഗ്ഷനുകളിലെല്ലാം സമയ കൗണ്ട്ഡൗൺ സംവിധാനം ഏർപ്പെടുത്തിവരുന്നുണ്ട്.

സോഷ്യൽ മീഡിയ

180 (3813) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർ സോഷ്യൽ മീഡിയകളിൽകൂടി ലഭിക്കുന്ന മെസ്സേജുകൾ ലൈക് ചെയ്യുകയോ ഷെയർ ചെയ്യുകയോ ചെയ്താൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് എന്തെല്ലാം വകുപ്പുകളാണ് നിലവിലുള്ളത് ; ബന്ധപ്പെട്ട വകുപ്പുകളുടെയും ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) സോഷ്യൽ മീഡിയകളിൽ സ്വന്തമായി അഭിപ്രായം രേഖപ്പെടുത്തുന്നതിനെയും ലൈക് ചെയ്യുകയോ ഷെയർ ചെയ്യുകയോ ചെയ്യുന്നതിനെയും രണ്ടായി കാണുന്നതിന് നിയമതടസ്സമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കേരളത്തിൽ സർക്കാർ ജീവനക്കാരുടെ പേരിൽ ഇത്തരത്തിൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് ; ഇവർക്കെതിരെ എടുത്ത നടപടികളും പ്രസ്തുത അച്ചടക്ക നടപടി തീർപ്പാക്കലും സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഡി) ഇപ്രകാരം ചെയ്തതിന് ഏതെങ്കിലും സർക്കാർ ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ആറുമാസത്തിലേറെ നീട്ടിക്കൊണ്ടുപോകുന്നത് സാമൂഹ്യനീതിയ്ക്ക് എതിരാണെന്ന് കരുതുന്നുണ്ടോ ; ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശവും തുടർനടപടിയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർ സോഷ്യൽ മീഡിയകളിൽകൂടി ലഭിക്കുന്ന മെസ്സേജുകൾ ലൈക് ചെയ്യുകയോ ഷെയർ ചെയ്യുകയോ ചെയ്താൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിലവിൽ പ്രത്യേക വകുപ്പുകളില്ല. എന്നാൽ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ (Online സംവിധാനം) ലഭിക്കുന്ന സന്ദേശം (Text Images, Video, Audio and any other electronic record) ഷെയർ ചെയ്യുന്നതുവഴി അത് ലഭിക്കുന്നവർക്കോ, മറ്റുള്ളവർക്കോ അസഹ്യത, വെറുപ്പ്, ഇഷ്ടക്കേട്, ശത്രുത, മാനഹാനി മുതലായവ സൃഷ്ടിക്കുന്നുണ്ടെങ്കിൽ അപ്രകാരം ഷെയർ ചെയ്യുന്നത് 2008-ലെ Information Technology Act (Amendment Sec 66A (a), (b), (c)) പ്രകാരം കേസ് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം കേസിൽ പ്രതിയാകുന്നവരുടെ പേരിൽ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സോഷ്യൽ മീഡിയകളിൽ സ്വന്തമായി അഭിപ്രായം രേഖപ്പെടുത്തുന്നതിനെയും ലൈക് ചെയ്യുകയോ ഷെയർ ചെയ്യുകയോ ചെയ്യുന്ന അഭിപ്രായങ്ങളുടെ (text, Images, Video, Audio and any other electronic record) സ്വഭാവമനുസരിച്ച് അവയെ കുറ്റകരമായതും അല്ലാത്തതുമായി തരംതിരിക്കാം. 2008-ലെ Information Technology Act(Amendment Sec 66 A (a), (b), (c)) എന്നിവയുടെ നിർവ്വചനത്തിൽ വരുന്ന സന്ദേശങ്ങൾ കുറ്റകരവും അല്ലാത്തവ കുറ്റകരവുമല്ല.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly